(സി) എന്ത് ആവശ്യത്തിനായിട്ടാണ് തുക പിൻവലിച്ചത് എന്തിനുവേണ്ടി ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തുക തിരിച്ചടയ്ക്കാൻ ട്രഷറി ആവശ്യപ്പെട്ടതെന്നാണ് ;

(ഇ) ഈ തുക തിരിച്ചടയ്ക്കാൻ ഹാൻടെക്സ് എവിടെ നിന്ന് വക കണ്ടെത്തി ;

(എഫ്) പ്രോജക്ട് പാക്കേജിൽ നിന്ന് ഇതിനായി പണം വിനിയോഗിച്ചിട്ടുണ്ടോ ;

(ജി) തെറ്റായി വകയിരുത്തി അനുവദിച്ചതിന് ട്രഷറി ഉദ്യോഗസ്ഥന്മാർക്കും തെറ്റായി തുക പിൻവലിച്ച് തിരിമറി നടത്തിയതിന് ഹാൻടെക്സ് ഉദ്യോഗസ്ഥന്മാർക്കും എതിരെ എന്ത് നടപടി എടുത്തു ;

(എച്ച്) നടപടിക്ക് വിധേയരായവർ ആരെല്ലാം ?

ഉത്തരം

(എ) തിരുവനന്തപുരം ഡിസ്ട്രിക് ട്രഷറിയിൽ നിന്നും 25-3-1999-ൽ ഏകദേശം 94 ലക്ഷം രൂപ തെറ്റായി ഹാൻടെക്സിന് വകയിരുത്തിയിരുന്നു. റ്റി. പി. എ. 1129-ാം നമ്പർ അക്കൗണ്ട് പേജ് ബാലൻസ് ക്യാരിഓവർ ചെയ്യുമ്പോഴാണ് ഇപ്രകാരം സംഭവിച്ചത്.

(ബി) ഉണ്ട്.

(സി) ഹാൻടെക്സ് ജീവനക്കാരുടെ ശമ്പളം/വേജസ് നൽകുന്നതിനു വേണ്ടിയാണ് തുക പിൻവലിച്ചത്.

(ഡി) 24-11-2000-ൽ .

(ഇ) ഹാൻടെക്സിന്റെ പേരിൽ ജില്ലാട്രഷറിയിൽ ഉള്ള മറ്റൊരു അക്കൗണ്ടിൽ നിന്നുമാറ്റി വകകൊള്ളിച്ചു.(റ്റി.പി.എ.1130)

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) തിരുവനന്തപുരം ഡിസ്ട്രിക് ട്രഷറി ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ജീവനക്കാർക്കെതിരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(എച്ച്) ആരും ഇല്ല.

## സംസ്ഥാന ഗവൺമെന്റിന് വായ്പ നൽകിയ ജില്ലാ സഹകരണ ബാങ്കുകൾ

62 (459) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2001-ജനുവരി 21-ാം തീയതിയിലെ നിലയനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് വായ്പ നൽകിയ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ തുകയും പലിശയും മടക്കി നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് ബന്ധപ്പെട്ട ട്രഷറി ആഫീസർമാർക്ക് കത്ത് നൽകിയിരുന്നു ;

(ബി) ഈ ജില്ലാ സഹകരണ ബാങ്കുകൾക്ക് മുതൽ, പലിശയിനത്തിൽ എന്ത് തുക വീതം നൽകാനുണ്ടെന്ന് വെവ്വേറെ പറയുമോ ;

(സി) സംസ്ഥാന സഹകരണബാങ്കിൽ നിന്നും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും ഇതുവരെ എന്ത് തുക വീതം ഈ ഗവൺമെന്റ് നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ നിക്ഷേപം എത്ര തുകയായാണ് തിരിച്ച് നൽകേണ്ടത് ?

ഉത്തരം

(എ&ബി) ജില്ലാ സഹകരണ ബാങ്കുകൾ സർക്കാരിന് വായ്പ നൽകിയിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഇപ്പോൾ നിക്ഷേപമില്ല. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്ന് 378.44 കോടി രൂപ.

(ഡി) 790.37 കോടി രൂപ.

## സർക്കാർ വകുപ്പുകൾ ട്രഷറിയിലടച്ച കടപ്പത്ര തുക

**63 (460)** ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക ആവശ്യങ്ങൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും കടപ്പത്രങ്ങളിലൂടെ സ്വരൂപിച്ച തുക ട്രഷറിയിൽ അടയ്ക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ;

(ബി) സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ട്രഷറിയിലടച്ച കടപ്പത്ര തുക പിന്നീട് സർക്കാർ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ഉപയോഗിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വകമാറ്റി ചെലവ് ചെയ്ത കടപ്പത്ര തുകയും വർഷവും വകുപ്പിന്റെയും സ്ഥാപനത്തിന്റെയും പേരുവിവരങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഭാഗ്യക്കുറി ഏജന്റുമാർക്ക് ക്ഷേമനിധി

**64 (461)** ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly